"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി. ജീന ജോർജ് -ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച ഉത്തരവ് ഭേദഗതി ചെയ്തു ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.748/2024/AGRI തീയതി,തിരുവനന്തപുരം, 08-08-2024

പരാമർശം:- 1. സ.ഉ.(സാധാ) നം.1012/2013/കൃഷി തീയതി 20/10/2023

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/06/2024 ലെ ADFW/7521/2023-SD2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം ജില്ലയിലെ കീഴ്മാട് കൃഷി ഓഫീസറായി 26/09/2019 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ജീന ജോർജ് - ന് കാനഡയിലെ ബ്രിട്ടീഷ് കൊളംബിയ യൂണിവേഴ്സിറ്റിയിൽ ഫുഡ് സയൻസിൽ മാസ്റ്റർ ബിരുദം നേടുന്നതിനായി 01/08/2023 മുതൽ 31/07/2024 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I, ചട്ടം 88 ലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. എന്നാൽ ടി കാലയളവിൽ പഠനം അവസാനിക്കാത്തതിനാലും അവധിയിൽ പ്രവേശിച്ച തീയതി 24/08/2023 ആയതിനാലും അവധി കാലയളവ് 24/08/2023 മുതൽ 31/08/2024 വരെയാക്കി പരിഷ്കരിച്ചു നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കോഴ്സ് സർട്ടിഫിക്കറ്റും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കീഴ്മാട് കൃഷി ഓഫീസറായി 26/09/2019 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ജീന ജോർജ് - ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് ടിയാൾക്ക് 24.08.2023 മുതൽ 31.08.2024 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി ജീന ജോർജ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/94/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ